പോളിടെക്നിക്കുകളിൽ പഠന സൗകര്യം ഏർപ്പെടുത്താൻ നടപടി

29 [2246] ശ്രീ. കെ. എൻ. എ. ഖാദർ:
" ടി. പി. എം. സാഹിർ:
" ചെർക്കളം അബ്ദുള്ള:
" നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോളിടെക്നിക്കുകളിൽ ഈ വർഷം പുതിയ കോഴ്സുകൾ തുടങ്ങിയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വിഷയങ്ങളിലാണ് പുതിയ കോഴ്സുകൾ തുടങ്ങിയത്;

(സി) ഈ പുതിയ കോഴ്സുകൾക്ക് വേണ്ടിയുള്ള സ്ഥലസൗകര്യവും, അദ്ധ്യാപകരും പഠന സൗകര്യങ്ങളും പൂർണ്ണമായിട്ടും ഏർപ്പെടുത്തിക്കഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ അടിയന്തിരമായി ഇവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ട് പ്രൈവറ്റ് പോളിടെക്നിക്കുകളിലും രണ്ട് സ്വാശ്രയ പോളി ടെക്നിക്കുകളിലും പുതിയ കോഴ്സുകൾ തുടങ്ങി.

(ബി) ബയോ മെഡിക്കൽ, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ, ആട്ടോമൊബൈൽ, കംപ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് എന്നീ കോഴ്സുകളാണ് തുടങ്ങിയത്.

(സി) എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എ.ഐ.സി.റ്റി.ഇ. അംഗീകാരവും ഈ കോഴ്സുകൾക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ഏതെങ്കിലും സ്ഥാപനത്തിൽ കുറവുകൾ ഉണ്ടെന്നു കണ്ടാൽ അതിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

"പാഠപുസ്തകങ്ങൾ അച്ചടിക്കാൻ സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കാനുണ്ടായ സാഹചര്യം"

30 [2247] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 വർഷത്തേക്ക് വിവിധ ക്ലാസുകളിൽ പുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങളെയാണ് ഏൽപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly